**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7086 — 11.07.2014 -ലെ മറുപടിയ്ക്ക്

## ദേശീയ ഉന്നത വിദ്യാഭ്യാസ അഭിയാൻ

<u>ചോദ്യം</u>
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്

<u>ഉത്തരം</u>
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പന്ത്രണ്ടാം പദ്ധതി രേഖയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ; | (എ) | XII,XIII പദ്ധതി കാലയളവുകളിലായി നടപ്പാക്കുന്ന രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (റൂസ) മുഖേന ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രോസ് എൻറോൾമെന്റ് റേഷ്യോ നിലവിലുള്ള 19.4 % ത്തിൽ നിന്നും 32% ആയി ഉയർത്തുക, പുതിയ സർവ്വകലാശാലകളും, കോളേജുകളും ആരംഭിക്കുക, നിലവിലുള്ള കോളേജുകളെ സർവ്വകലാശാലകളാക്കി മാറ്റുക, ഒരോ ജില്ലയിലും ഒരു മോഡൽ കോളേജ്, ഗവേഷണ സർവ്വകലാശാലകൾ, സംസ്ഥാന തലത്തിൽ അക്രഡിറ്റേഷൻ ഏജൻസി, അടിസ്ഥാന സൗകര്യവികസനം വിവര സാങ്കേതിക വിദ്യ മുഖേനയുള്ള വിദൂര വിദ്യാഭ്യാസ വികസനം, അക്കാദമിക്, ഭരണ, പരീക്ഷ, അഫിലിയേഷൻ രംഗങ്ങളിൽ പരിഷ്കാരം തുടങ്ങിയവയാണ് റൂസ ലക്ഷ്യമിടുന്നത്. |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദേശീയ ഉന്നത വിദ്യാഭ്യാസ അഭിയാൻ പ്രകാരം പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | റൂസ യ്ക്ക് വേണ്ടിയുള്ള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മേഖലയിൽ സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുന്നതിനും പദ്ധതി വിഭവങ്ങൾ പരമാവധി ലഭ്യമാക്കുന്നതിനും ഉതകുന്ന വിധത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | റൂസ പദ്ധതികൾ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കോ ഓർഡിനേറ്റർ , റിസർച്ച് ഓഫീസർമാർ തുടങ്ങിയവർ ഉൾപ്പെട്ട് ഒരു സ്റ്റേറ്റ് പ്രോജക്ട് അഡ്വൈസറി ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ